## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4896**      **26.06.2019 ൽ മറുപടിയ്ക്ക്**

### ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നിയമം ലംഘിച്ച് സർവ്വീസ് നടത്തുന്ന സ്വകാര്യ അന്തർസംസ്ഥാന ബസ്സുകളെ പരിശോധിക്കാൻ ഗതാഗത വകുപ്പ് ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന പേരിൽ പരിശോധനാ സംവിധാനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധനയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര ബസ്സുകളിൽ നിന്നും എത്ര തുക 2019 ജനുവരി മുതൽ നാളിതുവരെയായി പിഴയിനത്തിൽ ഈടാക്കിയെന്നും വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്.<br>നാളിതുവരെ 9,975 കേസുകളിൽനിന്നായി 3,80,53,100/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ കടുത്ത നിയമലംഘനങ്ങൾ നടത്തുന്ന ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | കടുത്ത നിയമ ലംഘനം നടത്തുന്ന ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | ഇത്തരം ബസ്സുകൾക്ക് അനുവദിച്ചിട്ടുള്ള കോൺട്രാക്റ്റ് കാര്യേജ് പെർമിറ്റ് ഉപയോഗിച്ച് എത്ര ബസുകൾ സ്റ്റേജ് കാര്യേജ് ആയി സർവീസ് നടത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | (സി) | കോൺട്രാക്റ്റ് ക്യാരേജ് ബസ്സുകൾ അനധികൃതമായി സ്റ്റേജ് ക്യാരേജ് ആയി ഉപയോഗിച്ചതിന് അന്യ സംസ്ഥാന ബസ്സുകളുടെ അടക്കം 8,115 കേസുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | ബസ്സ് ഓപ്പറേറ്റർമാർ ലൈസൻസിഡ് ഏജന്റ് ഫോർ പബ്ലിക് ട്രാൻസ്പോർട്ട് അനുസരിച്ചുള്ള സൗകര്യങ്ങൾ അവരുടെ ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | LAPT അനുസരിച്ച് ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് അനുസരിച്ചുള്ള അപേക്ഷയിൽ അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ തീരുമാനം എടുത്തു കൊണ്ടിരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ